"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി.) - ജീവനക്കാര്യം - കെ.യു.ആർ.ഡി.എഫ്.സി. ജീവനക്കാർക്ക് പത്താമത്തെയും പതിനൊന്നാമത്തെയും ശമ്പള പരിഷ്കരണം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.137/2023/LSGD തീയതി,തിരുവനന്തപുരം, 06-07-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം. 275/2013/തസ്വഭവ തീയതി 03/08/2013.
2. സ.ഉ.(അച്ചടി) നം. 7/2016/ഫിൻ തീയതി 20.01.2016.
3. സ.ഉ.(അച്ചടി) നം. 27/2021/ധന തീയതി 10/02/2021.
4. സ.ഉ.(കൈ) നം. 159/2021/തസ്വഭവ തീയതി 30/07/2021
5. കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 26/04/2022 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി./എ2/228/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.) ജീവനക്കാർക്ക് പരാമർശം (1) പ്രകാരം ഒൻപതാം ശമ്പള പരിഷ്കരണം അനുവദിക്കുകയും പരാമർശം (4) പ്രകാരം സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുകയുമുണ്ടായി.

2) പരാമർശം (5) പ്രകാരം കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.) ജീവനക്കാർക്ക് പത്താമത്തെയും പതിനൊന്നാമത്തെയും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.യി) ജീവനക്കാർക്ക് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണവും പരാമർശം (3) ഉത്തരവ് പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണവും ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ശമ്പളഘടനയുടെ പൊതുചട്ടക്കൂട് അന്തിമമാക്കുമ്പോൾ ആയത് ബാധകമാകുന്നതാണ്;

ii. 10-ാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നോഷണലായിരിക്കുന്നതാണ്;

iii. 11-ാം ശമ്പള പരിഷ്കരണത്തിന് 01/07/2019 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | തസ്തികകളുടെ എണ്ണം | 9-ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ചു കിട്ടിയ ശമ്പള സ്കെയിൽ (നിലവിലുള്ള ശമ്പള സ്കെയിൽ) | 10-ാം ശമ്പള പരിഷ്കരണം പ്രകാരം (നോഷണലായി) അനുവദിച്ചു നല്കേണ്ട ആനുപാതിക ശമ്പള സ്കെയിൽ | 11-ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ചു നല്കേണ്ട ആനുപാതിക ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 1 | 18740-33680 | 35700-75600 | 50200-105300 |
| 2 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 | 16180-29180 | 30700-65400 | 43400-91200 |
| 3 | അസിസ്റ്റന്റ് ഗ്രേഡ്-1 | 1 | 13900-24040 | 26500-56700 | 37400-79000 |
| 4 | അസിസ്റ്റന്റ് ഗ്രേഡ്-2 | 1 | 11620-20240 | 22200-48000 | 31100-66800 |
| 5 | സ്റ്റെനോഗ്രാഫർ ഗ്രേഡ്-2 | 2 | 11620-20240 | 22200-48000 | 31100-66800 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ്-2 | 1 | 11620-20240 | 22200-48000 | 31100-66800 |
| 7 | പ്യൂൺ കം ഡ്രൈവർ | 3 | 9190-15780 | 18000-41500 | 25100-57900 |
| 8 | പ്യൂൺ | 1 | 8500-13210 | 16500-35700 | 23000-50200 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 | 4250-6700 | 8200-13340 | 11500-18940 |

സ.ഉ.(കൈ) നം.137/2023/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E1193331-PUC-2/157/2019-Fin dated 02/03/2023)
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/59/2019/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 07-07-2023 10:22:00
സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്